AKPA
REG. No. ER 15/85

# ALL KERALA PHOTOGRAPHERS' ASSOCIATION

Regd. No. E.R. 15/85

**STATE COMMITTEE**

Office : AKPA Bhavan, Arangath Cross Road, Pulleppady, Ernakulam - 682 018. E-mail: akpasc@gmail.com. Website: www.akpa.in

**ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസ്സോസിയേഷൻ സംസ്ഥാന കമ്മിറ്റി**
**സംഘടനയിലെ അംഗങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്നത്**

# എ.കെ.പി.എ. അംഗങ്ങളും പെരുമാറ്റ മര്യാദകളും

മനുഷ്യൻ ഒരു സമൂഹജീവിയാണ്. സമൂഹവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ ഓരോരുത്തരും പാലിക്കേണ്ട ലിഖിതവും അലിഖിതവുമായ നിയമങ്ങളും ചട്ടങ്ങളും പെരുമാറ്റശൈലികളും ഉണ്ട്. അവ മനുഷ്യന്റെ സുഖവും സംതൃപ്തിയും ശ്രേഷ്ഠതയും മഹത്വവും പരിരക്ഷിക്കുന്നതിനുവേണ്ടിയാണ്.

സാമൂഹ്യ മണ്ഡലത്തിലെ ഉപചാരക്രമങ്ങൾ ആരംഭിക്കുന്നത് ഓരോരുത്തരിലും നിന്നാണ്. അവനവന്റെ സദാചാര മൂല്യങ്ങളാണ് മര്യാദക്രമങ്ങളായി നാം സമ്പർക്കങ്ങളിൽ ഉപയോഗിക്കാറുള്ളത്. ഒരുവൻ എത്ര ഉയർന്ന അവസ്ഥയിലാണെങ്കിലും മറ്റുള്ളവർ അവനെ വിലയിരുത്തുന്നത് സ്വഭാവത്തിലൂടെയും പെരുമാറ്റത്തിലൂടെയുമാണ്. സമൂഹത്തിൽ പെരുമാറുമ്പോൾ നാം ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളെയും പെരുമാറ്റ മര്യാദകളെയുമാണ് താഴെ സൂചിപ്പിക്കുന്നത്.

ഏത് സംരംഭവും തുടങ്ങുംമുൻപ് മാന്യമായി പെരുമാറാൻ പഠിക്കണം. വ്യക്തിയുടെ മുഖമുദ്ര മാന്യതയാകണം.

## സംസാരം (സംഭാഷണ ശൈലികൾ)

മനുഷ്യജീവിതത്തിലുണ്ടാകുന്ന 90% പരാജയത്തിനും കാരണം സംസാരമാണ്. മാന്യവും കുലീനവുമായ ഭാഷ സ്വായത്തമാക്കണം. സംഭാഷണത്തിൽ 5 ഘടകങ്ങൾ ഉണ്ട്. (1) മാന്യത സ്പർശിക്കുന്ന ശബ്ദം, (2) സംഭാഷണത്തിൽ ആദരവ്, (3) സൗഹാർദ്ദ സമീപനം, (4) ക്ഷമ, (5) ലളിതമായ ഭാഷ. ഇവ പരിശീലിക്കുക.

ഹൃദ്യത, കൃത്രിമത്വം ഇല്ലാത്ത നർമ്മം, മര്യാദ പുലർത്തുന്ന സ്വാതന്ത്ര്യം, പാണ്ഡിത്യപ്രകടനമില്ലാത്ത അറിവ്, കളവില്ലാത്ത പുതുമ എന്നിവ സംഭാഷണത്തെ ആകർഷകമാക്കും. (വില്യം ഷേക്സ്പിയർ)

പുഞ്ചിരിയോടെ സ്റ്റുഡിയോയിൽവരുന്നവരെ സ്വീകരിക്കണം. എഴുന്നേറ്റുനിന്ന് സ്വീകരിക്കുന്നത് കൂടുതൽ ഉചിതം. ശാന്തതയോടെ ബഹുമാനം നൽകി സംസാരിക്കണം. ക്ഷമയോടെ കേൾക്കണം. സൗമ്യതയോടെ മറുപടി പറഞ്ഞുശീലിക്കണം.

നിശ്ശബ്ദതയും വിനയവും സംഭാഷണത്തിലെ വിലയേറിയ ഗുണങ്ങളാണ്. സംസാരം വെള്ളിയാണ്. മൗനമോ സ്വർണ്ണവും (speech is silver; silence is golden) എന്ന തത്വം പ്രയോജനപ്പെടുത്തുക. എല്ലാറ്റിനും മറുപടി പറയണമെന്നില്ല.

തർക്കിക്കുക, വാദപ്രതിവാദത്തിൽ ഏർപ്പെടുക എന്നത് ചിലരുടെ ശീലമാണ്. സ്റ്റുഡിയോയിൽ വരുന്നവൻ സംതൃപ്തനായി മടങ്ങണം. തർക്കിച്ചാൽ മനസ്സ് നോവും. തർക്കം ഗുണകരമല്ല. സൗമ്യമായി നമ്മുടെ ഭാഗം വിശദീകരിച്ചാൽ മതി. തർക്കിച്ചാൽ ഒരാൾ മറ്റൊരാളെ പരാജയപ്പെടുത്തും. പരാജിതനിൽ, വെറുപ്പ്, ദേഷ്യം, അരിശം, വിദ്വേഷം, പക, പ്രതികാര ചിന്ത എന്നിവ ഉണ്ടാകും. അത് ഗുരകരമല്ല. പരിഹാസ്യമായ ഭാഷയും ഉപയോഗിക്കരുത്.

അവസരോചിതമായി സംസാരിക്കുവാൻ പരിശ്രമിക്കണം. അനവസരത്തിൽ സംസാരിക്കുന്നവൻ വെറുക്കപ്പെടും. പൊങ്ങച്ചക്കാരനും ഭോഷനുമാണ് അവസരോചിതമല്ലാതെ സംസാരിക്കുക. ഉചിതമായ സമയംവരെ മൗനം പാലിക്കണം. ബുദ്ധിപൂർവകമായ സംസാരമാണ് ഉത്കർഷത്തിന് നിദാനം. പക്വമതിയും വിവേകിയുമാകുക.

സ്നേഹവും മനുഷ്യത്വവും ബഹുമാനവും ആദരവും നൽകി ഏവരോടും സംസാരിക്കുക. സർവ്വ മനുഷ്യരും ആദരണീയരും ബഹുമാനിതരുമാണ്. സഹപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുക; അഭിനന്ദിക്കുക, അവരുടെ നന്മകൾ എടുത്തുപറയുക, നല്ല വാക്ക് സന്തോഷമുള്ള അനുഭവമാണ്.

നയചാതുര്യമാണ് കഴിവിനേക്കാൾ പ്രധാനം. നയമെന്നത് ഒരു ലൈഫ് ബെൽറ്റാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് ചെയ്യുന്നതിന് മറ്റുള്ളവരെ സമ്മതിപ്പിക്കുവാൻ നയം നിങ്ങളെ സഹായിക്കും.

ഗാന്ധിജി ഉപഭോക്താവിനോട് എങ്ങനെ പെരുമാറണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

"ഒരു ഉപഭോക്താവ് നമ്മുടെ സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകനാണ്.

അദ്ദേഹം നമ്മളെയല്ല, മറിച്ച് നാമാണ് അദ്ദേഹത്തെ ആശ്രയിച്ചുകഴിയുന്നത്.

അദ്ദേഹം നമ്മുടെ ജോലിക്കിടയിലെ തടസ്സം അല്ല, മറിച്ച് ആവശ്യമാണ്.

അദ്ദേഹം നമ്മുടെ സ്ഥാപനത്തിന് അന്യൻ അല്ല, മറിച്ച് അതിന്റെ ഭാഗമാണ്.

നമ്മുടെ സേവനം ഒരു സഹായം അല്ല, മറിച്ച് അതിനുള്ള അവസരം നൽകുന്നതുവഴി നമുക്ക് ഒരു സഹായം ചെയ്യുകയാണ്."

ഉപഭോക്താക്കളെ മാനിക്കാത്ത സ്ഥാപനം നിരർത്ഥകമാണ് എന്നോർക്കുക. ഉപഭോക്താവിനോട് രാജാവിനോടെന്നപോലെ പെരുമാറണം. ഉപഭോക്താവ് സംതൃപ്തനായി സ്ഥാപനത്തിൽനിന്ന് മടങ്ങണം.

## വസ്ത്രധാരണം

ഒരുവന്റെ വസ്ത്രധാരണ രീതി അയാളുടെ വ്യക്തിത്വത്തിന്റെ പ്രകാശനമാണ്. വസ്ത്രം മാന്യതയുടെ അടയാളമാണ്. ഫാഷനനുസരിച്ച് നടക്കലല്ല മറിച്ച് നീറ്റായി (വൃത്തിയായി) നടക്കലാണ് പ്രധാനം.

കലാകാരൻ പ്രതിഭ തെളിയിക്കേണ്ടത് തന്റെ കലാസൃഷ്ടിയിലാണ്, വസ്ത്രത്തിലല്ല. കോമാളി വേഷം മറ്റുള്ളവരിൽ അതൃപ്തി ജനിപ്പിക്കും. അസഹ്യതയുളവാക്കും. മറ്റുള്ളവരുടെ പരിഹാസകഥാപാത്രമാകുംവിധം വസ്ത്രം ധരിക്കരുത്. കീറിയതും മുഷിഞ്ഞതുമായ വസ്ത്രം ധരിക്കരുത്.

നഗ്നത മറയ്ക്കാനും വ്യക്തിത്വം വർദ്ധിപ്പിക്കുന്നതിനുമാണ് വസ്ത്രം ധരിക്കുന്നത്. വസ്ത്രധാരണം വ്യക്തിക്ക് ഇണങ്ങുന്നതും ചേരുന്നതുമാകണം. വൃത്തിയും ലാളിത്യവും കുലീനതയും വസ്ത്രധാരണത്തിൽ ഉണ്ടാകുവാൻ ശ്രദ്ധിക്കണം. ആരാധനാലയങ്ങളിൽ അതിനുചേർന്നവിധം വസ്ത്രം ധരിക്കണം. പാദരക്ഷകൾ അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം ഉപയോഗിക്കുക.

## ടൈം മാനേജ്മെന്റ് (സമയനിഷ്ഠ)

വിശ്വസ്തതയുടെ ആദ്യ ലക്ഷണങ്ങളിൽ ഒന്നാണ് സമയനിഷ്ഠ. 'സമയത്തിന് വില കല്പിക്കുക' എന്നതാണ് ടൈം മാനേജ്മെന്റിന്റെ ബാലപാഠം. ഫോട്ടോ–വീഡിയോ എടുക്കാൻ ചെല്ലുന്നതിലും പ്രിന്റ് തയ്യാറാക്കി കൊടുക്കുന്നതിലും കൃത്യനിഷ്ഠ പാലിക്കണം. പ്രോഗ്രാമിന് 15 മിനിറ്റ് മുൻപെങ്കിലും സ്ഥലത്ത് എത്തിച്ചേരണം. അപ്പോൾ പരിഭ്രമവും ടെൻഷനും ഒഴിവാകും. നേരത്തേ എല്ലാം തയ്യാറാക്കിവയ്ക്കണം. പറഞ്ഞ സമയത്ത് ഫോട്ടോ, ആൽബം, സി.ഡി. എന്നിവ നൽകണം. ഉത്തരവാദിത്വബോധത്തെയാണത് കാണിക്കുക. സമയനിഷ്ഠ പാലിക്കുവാൻ ഡയറി സൂക്ഷിക്കുക. സമയം രേഖപ്പെടുത്തുക. നേരത്തെ വർക്ക് പൂർത്തിയാക്കിവയ്ക്കുക. Urgent, important എന്നിവ പ്രയോരിറ്റി ലിസ്റ്റ് തയ്യാറാക്കി കാര്യങ്ങൾ ചെയ്തു ശീലിക്കണം. ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ അന്നന്നുതന്നെ ചെയ്യുക. ചിട്ടയും ക്രമവും പാലിച്ചാൽ സമയലാഭമുണ്ടാകും. "സമയംകൊല്ലി" പരിപാടികൾ ഒഴിവാക്കുക. ഏൽപ്പിച്ചിരിക്കുന്ന ദൗത്യത്തോട് സമർപ്പണ മനോഭാവം ഉണ്ടായിരിക്കണം.

## സംഘടനാ ജീവിതം

അംഗങ്ങൾ സംഘടനയുടെ നിയമാവലിക്കും പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ജീവിക്കുവാൻ ബാദ്ധ്യസ്ഥനാണ്. സംഘടന അതാത് കാലഘട്ടങ്ങളിൽ നിർദ്ദേശിക്കുന്ന കാര്യങ്ങൾ ആത്മാർത്ഥതയോടെ നിർവഹിക്കണം. ഓരോ അംഗങ്ങളുടേയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടിയാണ് സംഘടന നിലകൊള്ളുന്നത്. ലക്ഷ്യങ്ങൾ എളുപ്പത്തിൽ നേരിടാനും ആയാസം കുറയ്ക്കാനും ആദായം വർദ്ധിക്കുവാനും മാന്യവും ഹിതകരവുമായ ജീവിതത്തിനും സംഘടന വലിയ മുതൽക്കൂട്ടായിരിക്കും. 'മറ്റുള്ളവരുടെ കൂടെ ജീവിക്കാനും മറ്റുള്ളവർക്കുവേണ്ടി ജീവിക്കാനും സ്വയം നല്ല വ്യക്തിത്വത്തിനുടമയാകുവാനും സംഘടന സഹായകരമാണ്. എ.കെ.പി.എ. അംഗമായതിൽ അഭിമാനംകൊള്ളുക.

## പൊതു നിർദ്ദേശങ്ങൾ

1. ആരാധനാലയങ്ങൾ പരിശുദ്ധവും പവിത്രവുമാണ്. അവിടെ പാദരക്ഷകൾ ധരിച്ച് പ്രവേശിക്കരുത്. ഓടിപ്പാഞ്ഞ് നടക്കരുത്. സംഘംചേർന്ന് വർത്തമാനം പറയരുത്. അവിടത്തെ ആചാരങ്ങളോട് മാന്യത പുലർത്തണം. വിശ്വാസം പങ്കുവയ്ക്കുന്നില്ലെങ്കിൽകൂടി ബഹുമാനിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. പ്രവേശനമില്ലാത്തിടത്ത് കയറരുത്. അധികാരികളുടെ നിർദ്ദേശങ്ങൾ പാലിക്കണം. ശരീരശുദ്ധി, മനഃശുദ്ധി, വസ്ത്രശുദ്ധി എന്നിവ പാലിക്കണം.
2. ജോലിസമയത്ത് മൊബൈൽ ഫോൺ, മദ്യപാനം, പുകവലി, പാൻപരാഗ്, പൊടിവലി, മുറുക്ക്, ച്യൂയിംഗം എന്നിവ ഉപയോഗിക്കരുത്.
3. ഒരു ഫോട്ടോഗ്രാഫർക്ക് ചേരാത്തവിധം ഫോട്ടോകൾ പകർത്തുകയോ മറ്റുള്ളവരുടെ സ്വകാര്യതയെ ലംഘിക്കുകയോ ചെയ്യരുത്. സദാചാരവിരുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടുവാൻ പാടില്ല.
4. സഹപ്രവർത്തകരുടെ വിജയം സ്വന്തം വിജയമായി കരുതണം. അവരുടെ വർക്കുകൾ വിലകുറഞ്ഞ സമീപനങ്ങളിലൂടെ (ജാതി പറഞ്ഞ്, പണം കുറച്ച്, മുതലായ കാരണങ്ങളാൽ) തട്ടിയെടുക്കരുത്. അപരനെ ചൂഷണം ചെയ്യുന്നത് ക്രൂരമാണ്; അരുത്.
5. സഹായികളെ സംഘടനാ മര്യാദകളും പെരുമാറ്റച്ചട്ടങ്ങളും പറഞ്ഞ് മനസ്സിലാക്കുകയും നിയമാവലി അനുസരിച്ച് പ്രവർത്തിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്.

---

സംഘടനയ്ക്കുവേണ്ടി ഈ ലഘുലേഖ തയ്യാറാക്കിയത്:

**അഡ്വ. ചാർളി പോൾ** MA, LL.B, DSS